ഡി.ബാബുപോൾ

# വിതണ്ഡായോ ച്ഛലമോ?




പരുമലപ്പള്ളി

പരുമല വിവാദത്തെക്കുറിച്ച് ബാബു കുഴിമറ്റം എടുത്തിരിക്കുന്ന നിലപാടിന് മറുകുറി ചമയ്ക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. സഭയിലെ രണ്ടു കക്ഷികൾക്കും ഏതാണ്ട് ഒരുപോലെ അനഭിമതനായി കഴിയുന്നയാളാണ് ഞാൻ എന്നതിനാലും അങ്ങനെ ചെയ്യുന്നത് എന്റെ നിലപാടിനുതന്നെ എതിരാവുമെന്നതിനാലുമാണ് അത്. എന്നാൽ, പൊതുസമൂഹത്തിൽ തെറ്റായ ധാരണ സൃഷ്ടിക്കുന്ന ചില പ്രസ്താവനകൾ പരാമർശിക്കാതെ വയ്യ.

ഒന്നാമത് ദൂരം. പണ്ട് മൂവാറ്റുപുഴയിൽ ഒരു കള്ളുഷാപ്പ് പള്ളിയിൽനിന്ന് നിശ്ചിത ദൂരം പാലിക്കുന്നില്ലെന്ന് മന്മഥൻ സാർ പരാതിപ്പെട്ടു. അളന്നുവന്നപ്പോൾ ഒന്നര കിലോമീറ്റർ. പള്ളി ഒരു കുന്നിൽ. താഴെ അരുവിയും വയലും. അപ്പുറത്തൊരു കുന്നിന്റെ ചരിവിൽ കള്ളുകട. അളന്ന ദൂരം കൂടുതൽ ഉണ്ടെങ്കിലും കാക്ക പറക്കുംപോലെ ദൂരം അത്ര ഇല്ലെന്ന് ഫയലിൽ റിപ്പോർട്ട്. യശഃശരീരനായ എൻ. ഗോപാലകൃഷ്ണൻനായർ ആയിരുന്നു റവന്യൂ ബോർഡ് ഒന്നാം മെമ്പർ. എക്സൈസ് ഗാർഡ് കാക്കയല്ല - The Excise Guard is no crow എന്നെഴുതി അദ്ദേഹം.

രണ്ടാമത് ഒരു വിഭാഗം നാടുനീളെ പാരപ്പള്ളികൾ പണിയുകയാണ് എന്ന പ്രസ്താവന. പുതുപ്പള്ളിയിലും കോലഞ്ചേരിയിലും രണ്ടുകൂട്ടരും അല്പസ്വല്പം ഏറ്റക്കുറച്ചിലോടെ ഒപ്പത്തിനൊപ്പമുള്ള സ്ഥലങ്ങളാണെങ്കിലും കോതമംഗലത്തും മുളന്തുരുത്തിയിലും കണ്ടനാട്ടും ഒക്കെയുള്ള ബദൽ ദേവാലയങ്ങളും പാരപ്പള്ളികളാണ് എന്നു പറയേണ്ടിവരും എന്നതാണ് സത്യം.

മൂന്നാമത് പരുമലപ്പള്ളിയിൽ കേസ് ഉണ്ടാക്കാനായി കണ്ടുപിടിച്ച വഴിയാണത്രെ പുതിയ പള്ളി. കേസ് ഉണ്ടാക്കണമെങ്കിൽ ഉള്ള പള്ളി ഞങ്ങൾക്ക് കൂടെവേണം എന്നല്ലേ പറയേണ്ടത്? വേറെ പള്ളി വച്ച് തങ്ങൾക്ക് സ്വന്തം ആരാധനാസ്ഥലം ക്രമീകരിക്കുന്നത് നിലവിലുള്ള പള്ളിയുടെ മേൽ അവകാശം ഉന്നയിക്കാനുള്ള സാദ്ധ്യതയാണ് ഇല്ലാതാക്കുന്നത് എന്നറിയാൻ എല്ലെൽബി ജയിക്കേണ്ടതില്ല!

നാലാമത് പണപ്പിരിവ്. ഒരു വെബ്സൈറ്റ് കണ്ടാൽ അത് ഏതു വിഭാഗത്തിന്റെയാണ് എന്നറിയാൻ എന്താണ് വിഷമം? ഒന്നിൽ പാത്രിയർക്കീസ്, മറ്റേതിൽ ദേവലോകം കാതോലിക്കോസ്. ഇതുപോലും തിരിച്ചറിയാതെ പണം അയയ്ക്കുന്നവർ പമ്പരവിഡ്ഢികളാവണം.

ഇപ്പറഞ്ഞതൊക്കെ വിശദമായി പറയാത്തത് അതു പറയേണ്ട ഇടം 'കലാകൗമുദി' അല്ല എന്ന വിവേകം ഉള്ളതിനാലാണ്. സത്യത്തിൽ ഇനി പറയാൻ പോകുന്നത് പറയാനാണ് പേന എടുത്തത്.

സഭാചരിത്രത്തെക്കുറിച്ച് ഇത്രയേറെ അജ്ഞത ഒരു കലാകൗമുദി ലേഖനത്തിൽ വന്നുകൂടാത്തതാണ്.

ഒന്ന്, കേരളത്തിൽ തമ്മിലടി തുടങ്ങിയത് ഉദയമ്പേരൂർ സുന്നഹദോസിൽ അല്ല. പോർച്ചുഗീസുകാർ വരുന്നതുവരെ ജാതിക്ക് കർത്തവ്യൻ എന്ന നാട്ടുനായകന്റെ നേതൃത്വത്തിൽ സമുദായം ഒറ്റക്കെട്ടായിരുന്നു. പോർച്ചുഗീസുകാർ ആ സമുദായത്തെ ഒന്നടങ്കം - തമ്മിലടിപ്പിച്ചിട്ടല്ല - കീഴിലാക്കാൻ ശ്രമിച്ചതിന്റെ ഭാഗമായിരുന്നു ഉദയമ്പേരൂർ സുന്നഹദോസ്. അരനൂറ്റാണ്ട് അങ്ങനെ കഴിഞ്ഞപ്പോഴാണ് അഹത്തുള്ളാബാവാ എന്ന 'പാത്രിയർക്കീസി'നെ കൊന്ന് കടലിൽ താഴ്ത്തിയ വർത്തമാനം കാട്ടുതീപോലെ പരന്നതും തുടർന്ന് ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരുടെ നേതൃത്വത്തിൽ കൂനൻകുരിശ് സത്യം അരങ്ങേറിയതും. അ

വിടെയാണ് ആദ്യത്തെ പിളർപ്പ്. നാനൂറു സുറിയാനി കുടുംബങ്ങൾ പോർച്ചുഗീസുകാരുടെ കൂടെ നിന്നു. അവരുടെ പിന്മുറക്കാരാണ് ലത്തീൻ സമുദായത്തിലെ 'ആഢ്യവർഗ്ഗം', പ്രധാനമായി വരാപ്പുഴ അതിരൂപതയിലുള്ളവർ; ഇപ്പോഴും പൈലി എന്നും ഇട്ടിയവിരാ എന്നും മറ്റുമുള്ള സുറിയാനി പേരുകൾ ഉപയോഗിക്കുന്നവർ. അടുത്ത പിളർപ്പ് ജാതിക്ക് കർത്തവ്യന്റെ ഉപദേശകസമിതിയിലെ രണ്ടുപേർ കൂറു മാറിയപ്പോൾ ആയിരുന്നു. ഏറ്റുമാനൂർ – പൂഞ്ഞാർ – വൈക്കം ത്രികോണത്തിൽ സീറോമലബാർ കത്തോലിക്കർ മാത്രം കാണപ്പെടുന്നതിന്റെ രഹസ്യം കൂറു മാറിയവർ കുറവിലങ്ങാട്ടുകാർ ആയിരുന്നതാണ്. പിന്നെ നവീകരണത്തെ തുടർന്നുണ്ടായ പിളർപ്പുകൾ. ഇവയൊന്നും വസ്തുവിനെച്ചൊല്ലി ഉണ്ടായതല്ല. സ്വത്ത് ആനുഷംഗികമായി വിവാദവിഷയമായതുപോലും നവീകരണത്തിന് ശേഷമായിരുന്നു. ഉദയമ്പേരൂർ സുന്നഹദോസ് എവിടെ, കൊച്ചിൻ അവാർഡ് എവിടെ!

രണ്ട്, മാർതോമ്മാശ്ലീഹാ വരുന്നതിനുമുമ്പ് കേരളത്തിൽ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു എന്നു വാദിക്കുന്ന ആദ്യത്തെ ചരിത്രകാരൻ ബാബു കുഴിമറ്റം ആയിരിക്കണം. ഏകദേശം എ.ഡി. 26–27 കാലത്താണ് സ്വർഗ്ഗാരോഹണം. എ.ഡി. 45ലാണ് വാണിജ്യവാതങ്ങൾ ഹിപ്പാലൂസ് കണ്ടെത്തുന്നത്. അതിന്റെ തുടർച്ചയാണ് സൊക്കോത്ര – ഇപ്പോൾ യെമൻ – വഴി മാർത്തോമ്മ നടത്തിയ യാത്ര. തോമസ് അതിനുമുമ്പ് അഫ്ഗാനിസ്ഥാൻ തുടങ്ങിയ ഇടങ്ങളിൽ കരമാർഗ്ഗമോ തീരദേശ നാവികമാർഗ്ഗമോ വന്നിരിക്കാം. അയഹൂദരെ ക്രിസ്തുമതത്തിൽ അക്കാലത്ത് നേരിട്ടു സ്വീകരിച്ചിരുന്നില്ലതാനും. കേരളത്തിൽ എ.ഡി. 52ന് മുമ്പ് ക്രിസ്തുമതം വരുന്നതെങ്ങനെ?

മൂന്ന്, റോമാസഭയിലേക്ക് ചാക്കിട്ടുചേർത്തു എന്നൊക്കെ പറയുന്നത് ശുദ്ധ വിവരക്കേടാണ്. അത് പരമാവധി പറയാവുന്നത് കൂനൻകുരിശിനുശേഷം പറമ്പിൽചാണ്ടി കത്തനാരും പള്ളിവീട്ടിൽ ചാണ്ടി കത്തനാരും കൂറു മാറിയതിനെക്കുറിച്ച് പറയുമ്പോഴാണ്. അതു തന്നെ ചാക്കിട്ടുപിടിച്ചതാണോ ചാക്കിൽ കയറിയതാണോ, കയറിയത് ചാക്കിലാണോ, സത്യത്തിലേക്കുള്ള മടക്കയാത്രയായിരുന്നോ എന്നതൊക്കെ സുറിയാനി ക്രിസ്ത്യാനി ചരിത്രകാരന്മാർ ചേരിതിരിഞ്ഞ് തർക്കിക്കുന്ന കാര്യമാണ്. കുഴിമറ്റത്തിന്റെയും കൂറിലോസിന്റെയും (എന്റെയും) സഭ പറയുന്നതു മാത്രമാണ് സത്യം എന്നു പ്രഖ്യാപിച്ചാൽ സീറോമലബാർസഭ മൊത്തം പിണങ്ങും!

നാല്, പഴയ ആരാധനയിലേക്ക് മടങ്ങിയവരെ പുത്തൻകൂറ്റുകാർ എന്നു വിളിക്കുന്നതെങ്ങനെ? പോർച്ചുഗീസുകാർ വരുന്നതിനു മുമ്പുണ്ടായിരുന്ന പൗരസ്ത്യ സുറിയാനിയും അന്ത്യോഖ്യയിൽനിന്ന് മാർഗ്രിഗോറിയോസ് വന്നതിനുശേഷം, അതിലേറെ 1751ൽ ശക്രള്ളാബാവാ വന്നശേഷം പ്രചാരത്തിലായ പാശ്ചാത്യ സുറിയാനിയുമാണ് പഴയ കൂർ, പുതിയ കൂർ പേരുകളുടെ പിന്നിൽ. നെസ്തോറിയ കാലം, അന്ത്യോഖ്യാബന്ധം എന്നീ വിവാദവിഷയങ്ങളുമുണ്ട് പുറമേ; അത് ഇവിടെ ചർച്ചയ്ക്കെടുക്കുന്നില്ല.

അഞ്ച്, മാർത്തോമ്മാ മെത്രാന്മാരിൽ ഒന്നാമൻതന്നെ. ഒടുവിലത്തെയാൾ ചേപ്പാട്ട് തിരുമേനി ആകുന്നതെങ്ങനെ? അദ്ദേഹം ദീവന്നാസിയോസ് നാലാമനായിരുന്നു. മാർത്തോമ്മാസഭയുടെ അദ്ധ്യക്ഷൻ ജോസഫ് മാർത്തോമ്മാ ആ തുടർച്ച അവകാശപ്പെടുന്നു. ബസേലിയോസ് മാർത്തോമ്മാ പൗലോസും തഥൈവ. ഏതു കണക്കു നോക്കിയാലും ചേപ്പാട്ട് തിരുമേനി 'ഒടുവിലത്തെ മാർത്തോമ്മാ മെത്രാൻ' ആവുക വയ്യ.


വിവാദകുരിശുമായി പരുമലയിൽ പാത്രിയാർക്കീസ് പള്ളി

“വിതണ്ഡായെക്കാൾ ഗരീയസ്സായ ദോഷമാണ് ച്ഛലം” എന്നത് ഐ.സി. ചാക്കോയുടെ ലേഖനശീർഷകമായി മനസ്സിൽ കയറിയത് കൗമാരകാലത്താണ്. ഏതായാലും ബാബുവിന്റെ ലേഖനം വായിച്ചപ്പോൾ വാക്കുകൾ തെളിഞ്ഞു പുതിയ രൂപത്തിൽ: ഇത് വിതണ്ഡായോ ച്ഛലമോ?

അഞ്ച്, 1840ലെ കൊച്ചിൻ അവാർഡ് മുതൽ 1995ലെ സുപ്രീം കോടതി വിധിവരെ അർദ്ധസത്യങ്ങളും അപൂർണ്ണ ചിത്രങ്ങളുമാണ് ബാബു കണ്ടെത്തി വരയ്ക്കുന്നത്. വിശദമായി പറയാൻ ഒരു ഖണ്ഡിക പോരാ.

ആറ്, പരുമല തിരുമേനിയെ മാനവികത പഠിപ്പിച്ചത് ഈഴവനാണ് എന്നെഴുതിയത് എന്തെങ്കിലും ഗൂഢോദ്ദേശ്യത്തോടെയാണെന്ന് പറയുന്നില്ല. എങ്കിലും അത് കുറച്ച് കടുപ്പമായിപ്പോയി. പരുമലഭക്തി വളരുന്ന വഴികൾ!

ഏഴ്, അതുപോലെ ഒരു കുസൃതിയാണ് സി.പി.യുടെ വക്കീൽപ്പണി വലിച്ചിഴയ്ക്കുന്നതും.

പരുമല തിരുമേനി അന്ത്യോഖ്യാഭക്തനായിരുന്നു. അദ്ദേഹം ശതാഭിഷിക്തനാവുന്നതുവരെ ജീവിച്ചിരുന്നെങ്കിൽ – അപ്പോൾ കാലം 1932 ആയേനെ – ഈ സഭ പിളരുകയില്ലായിരുന്നു. എന്നാൽ തിരുമേനിയുടെ അന്ത്യോഖ്യാഭക്തി മാർത്തോമ്മാക്കാരുമായി പിണങ്ങിയ കാലത്തിന്റെ സൃഷ്ടിയാണ്. ഇപ്പോഴത്തെ വഴക്കിൽ തിരുമേനി നിഷ്പക്ഷമാണ് എന്നതിന്റെ ഏറ്റവും വലിയ തെളിവ് തന്റെ നാലു പ്രിയശിഷ്യരിൽ രണ്ടുപേർ ഒരുഭാഗത്തും (ദീവന്നാസിയോസ് VI, ഗീവർഗ്ഗീസ് II) മറ്റു രണ്ടുപേർ മറുഭാഗത്തും (കൂറിലോസ്, അത്താനാസിയോസ്) മലങ്കര മെത്രാപ്പൊലീത്തമാരായി എന്നതു തന്നെയാണ്.

അതിരിക്കട്ടെ. അതല്ല എന്റെ പ്രമേയം. ഒരു ചെറിയ സമൂഹത്തിന്റെ അടുക്കളയിൽ ഒതുങ്ങേണ്ട തർക്കം കലാകൗമുദി വായനക്കാരുടെ ബൗദ്ധികലോകത്ത് പ്രത്യക്ഷപ്പെടേണ്ടിയിരുന്നില്ലെന്നതും കേരള സഭാചരിത്രം സംബന്ധിച്ച് പറഞ്ഞിട്ടുള്ള മിക്ക കാര്യങ്ങളും പാതി വെന്ത വിജ്ഞാനമാണെന്നതും മാത്രമാണ് ഞാൻ പറയാൻ ശ്രമിക്കുന്നത്.

''വിതണ്ഡായെക്കാൾ ഗരീയസ്സായ ദോഷമാണ് ച്ഛലം'' എന്നത് ഐ.സി. ചാക്കോയുടെ ഒരു ലേഖനത്തിന്റെ ശീർഷകമായി മനസ്സിൽ കയറിയത് കൗമാരകാലത്താണ്. 'മംഗളോദയം' എന്നാണ് ഓർമ്മ. ഏതായാലും ബാബുവിന്റെ ലേഖനം വായിച്ചുകഴിഞ്ഞപ്പോൾ ഐ.സി. ചാക്കോയുടെ വാക്കുകൾ തെളിഞ്ഞു പുതിയ രൂപത്തിൽ: ഇത് വിതണ്ഡായോ ച്ഛലമോ?

(ഡി.ബാബുപോൾ : 9447116631)